MONDAY

15.04.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/04/2024

1. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു യംഗ് പ്രൊഫഷണൽ 2 ന് വേണ്ടി 2024, ഏപ്രിൽ 30-ാം തിയതി ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം. പ്രായ പരിധി ഏപ്രിൽ 30-ാം തിയതി 21-45 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). കൂടുതൽ വിവരങ്ങൾക്ക് www.kvkalappuzha.icar.gov.in അല്ലെങ്കിൽ www.cpcri.icar.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. താത്പര്യമുള്ളവർ 2024, ഏപ്രിൽ 23-ാം തിയതിയ്ക്കുള്ളിൽ 0479-2959268, 2449268, 9447790268 എന്നീ ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

2. പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം കൃഷിയിടങ്ങളിൽ ഡ്രോൺ ഉപയോഗത്തിന്റെ പ്രദർശനം നടത്തുന്നു. വളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ജൈവ കീടനാശിനികൾ തുടങ്ങിയവ പ്രയോഗിക്കാൻ ഡ്രോണുകൾ ഉപയോഗിക്കുന്നതിന്റെ മെച്ചം കർഷകരെ ധരിപ്പിക്കുകയാണു ലക്ഷ്യം. ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 250 പ്രദർശനങ്ങൾ നടത്തും. താൽപര്യമുള്ള പഞ്ചായത്ത്/ കൃഷി ഭവൻ/ കർഷക ഗ്രൂപ്പുകൾ തുടങ്ങിയവ ബ്ലോക്കുതല നോഡൽ ഓഫിസറുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് ഫോൺ 0469-2662094, 2661821, പുളിക്കീഴ്: 9447454627, മല്ലപ്പള്ളി: 9961254033, 9645027060, പന്തളം 9446056737, കോയിപ്രം & പറക്കോട്: 9526160155, കോന്നി & ഇലന്തൂർ: 9447801351.

3. തൃശൂർ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളജിൽ ചീര (അരുണ, CO-1), മുളക് (ഉജ്വല), വഴുതന (ഹരിത സൂര്യ), കുറ്റിപ്പയർ (അനശ്വര), വള്ളിപ്പയർ (ലോല, ഗീതിക),

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വെണ്ട (ആർക്ക അനാമിക) എന്നിവയുടെ വിത്തുകൾ ലഭ്യമാണ്. പുതിന, വള്ളിച്ചീര തൈകളും ലഭിക്കും.

4. സംസ്ഥാന കൃഷിവകുപ്പിനു കീഴിലുള്ള ആനക്കയം സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ഉമ ഇനം നെൽവിത്ത്, പന്നിയൂർ ഇനം കുരുമുളകു തൈകൾ, റെഡ് റോയൽ പപ്പായത്തൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383471642.

**പരിശീലന പരിപാടി**

5. MSSRF കമ്മ്യൂണിറ്റി അഗ്രോബയോഡൈവേഴ്സിറ്റി സെൻ്റർ, കൽപ്പറ്റ, വയനാട്, മുള ഉപയോഗിച്ചുള്ള കരകൗശലവിദ്യയെക്കുറിച്ചുള്ള സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും വേണ്ടി ഏപ്രിൽ 18 മുതൽ 20 വരെ 3 ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്ക് https://forms.gle/MW9exdE1TBUTg6sY8 എന്ന ലിങ്ക് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാം. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യം രജിസ്ട്രർ ചെയ്യുന്ന 30 പേർക്ക് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് 98455 80223 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെൻ്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിൻ്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC /

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. **ഇഞ്ചിയിലെ ചിച്ചിൽ രോഗം എങ്ങനെ പരിഹരിക്കാം:**

**ലക്ഷണങ്ങൾ:**

1) ഇഞ്ചിയുടെ തണ്ടിൽ, മണ്ണിനോട് ചേർന്ന ഭാഗത്ത് വെള്ളത്തിൽ കുതിർന്നത് പോലെയുള്ള ലക്ഷണം കാണാം. ഈ ഭാഗം പിന്നീട് മൃദുവായി ചീഞ്ഞു പോവുകയും ചെയ്യും.

2) രോഗബാധയേറ്റ ഭാഗങ്ങൾ ചീഞ്ഞ് ദുർഗന്ധം വമിക്കുകയും രോഗം ബാധിച്ച ഇഞ്ചിയുടെ കാണ്ഡങ്ങൾ മൃദുവായി തീരുകയും ചെയ്യുന്നു.

**നിയന്ത്രണ മാർഗങ്ങൾ :**

ട്രൈക്കോഡർമ സമ്പുഷ്ട ജൈവവളം നടുന്ന സമയത്ത് ചേർത്ത് കൊടുക്കുക. വിത്ത് മാങ്കോസെബ് ഉപയോഗിച്ച് പരിചരിക്കുക.കോപ്പർ ഓക്സി ക്ളോറൈഡ് 2 ഗ്രാം ഒരു ലിറ്റർ എന്ന തോതിൽ ലായനിയാക്കി വെള്ളത്തിൽ /ബോർഡോമിശ്രിതം മേയ് ജൂൺ മാസങ്ങളിലും ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലും തളിക്കണം.രോഗം നന്നായി ബാധിച്ച സസ്യങ്ങൾ പിഴുത് കളയുക.മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായനിയാക്കി തടത്തിൽഒഴിച്ച് കൊടുക്കുക.കൃഷി സംബന്ധമായ സംശയങ്ങൾക്ക് വിളിക്കേണ്ട ടോൾ ഫ്രീ നമ്പർ : 1800 425 1661